(ബി) ഈ സ്ഥാപനം വാഗമണിലോ പീരുമേട്ടിലോ സ്ഥാപിക്കുന്നതിലേക്കായി എന്തെല്ലാം നടപടികൾ നാളിതുവരെ കൈക്കൊണ്ടിട്ടുണ്ടെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(സി) ഈ സ്ഥാപനം എപ്പോൾ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്ന് വിശദീകരിക്കുമോ;

(ഡി) ഇത്തരത്തിലുള്ള ഏതെല്ലാം സ്ഥാപനങ്ങളാണ് കേരളത്തിൽ പുതുതായി ആരംഭിക്കുവാൻ സർക്കാർ ആലോചിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) തിരുവനന്തപുരം ആസ്ഥാനമായുള്ള സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷന്റെ കീഴിൽ അഖിലേന്ത്യാ സർവ്വീസിലേക്ക് കേരളീയർക്ക് മതിയായ പ്രാതിനിധ്യം ലഭിക്കുന്നതിന് വേണ്ടുന്ന കോച്ചിംഗ് നൽകുന്നതിനായി കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

(ബി) ഒരു പരിശീലന കേന്ദ്രം വാഗണിലോ പീരുമേട്ടിലോ സ്ഥാപിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ അഖിലേന്ത്യാ തലത്തിലുള്ള മത്സര പരീക്ഷകളിൽ പങ്കെടുക്കുന്നതിന് യുവജനങ്ങളെ സജ്ജരാക്കുന്നതിന് തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ നിലവിലുള്ള ഐ. എ. എസ്. കോച്ചിംഗ് സെന്റർ അപ്ഗ്രേഡ് ചെയ്യുവാൻ ആലോചിച്ചുവരുന്നു.

(സി) ഉത്തരം (ബി)-യുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഡി) ചോദ്യം (ബി)-യുടെ മറുപടി ബാധകമാണ്.

എയ്ഡ്സ് ബാധിതരായ കുട്ടികൾക്ക് നൽകിയ ആനുകൂല്യങ്ങൾ

34 [331] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ എയ്ഡ്സ് ബാധിതരായ ബൻസണും ബൻസിക്കും എന്തെല്ലാം സൗകര്യങ്ങളാണ് വിദ്യാഭ്യാസത്തിനായി ചെയ്ത് കൊടുത്തത് എന്ന് വ്യക്തമാക്കുമോ;

(ബി) ഈ കുഞ്ഞുങ്ങൾക്ക് ആരോഗ്യ സാമൂഹ്യക്ഷേമ വകുപ്പുകൾ ഉൾപ്പെടെയുള്ള സർക്കാരിന്റെ വിവിധ ഏജൻസികൾ വഴി എന്തൊക്കെ ആനുകൂല്യങ്ങൾ നൽകിയെന്നും വിശദമാക്കാമോ?

ഉത്തരം

(എ) ആദിച്ചനല്ലൂർ ഗവൺമെന്റ് യു. പി. സ്കൂളിൽ പഠിക്കുന്ന ബൻസൺ, ബൻസി എന്നീ എയ്ഡ്സ് ബാധിതരായ കുട്ടികളുടെ വിദ്യാഭ്യാസത്തിനായി ഒരു പ്രൊട്ടക്റ്റഡ് ടീച്ചറെ പ്രത്യേകം നിയമിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഹിന്ദുസ്ഥാൻ ലാറ്റക്സ് എന്ന സ്ഥാപനം ഈ കുട്ടികളെ ദത്തെടുത്തിട്ടുണ്ട്. കൊല്ലം ഡി. എം. ഒ.-യുടെ നേതൃത്വത്തിൽ കുട്ടികൾക്ക് സൗജന്യമായി മരുന്ന് നൽകുന്നു. ഓരോതക്കുഴി മാർത്തോമാ ചർച്ചിൽ നിന്നും ഭക്ഷണവും വാഹന സൗകര്യവും ലഭിക്കുന്നു. കൂടാതെ ലയൺസ് ക്ലബ്, സാമൂഹ്യ സംഘടനകൾ, സന്നദ്ധ സംഘടനകൾ എന്നിവയിൽനിന്നും സഹായം ലഭിക്കുന്നുമുണ്ട്.

ശ്രീമതി അംബികാദേവിക്ക് ലീവ് വിത്ത്ഔട്ട് അലവൻസ് ലഭിക്കുന്നതിനുള്ള നടപടി

35 [332] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ആലപ്പുഴ ജില്ലയിൽ കായംകുളം പുതിയവിള യു. പി. സ്കൂളിലെ അദ്ധ്യാപിക ശ്രീമതി ജെ. അംബികാ ദേവിക്ക് ലീവ് വിത്ത്ഔട്ട് അലവൻസ് അനുവദിക്കാനുള്ള അപേക്ഷയിന്മേൽ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഈ അപേക്ഷ നിരസിച്ചിട്ടുണ്ടെങ്കിൽ ഏതൊക്കെ കാരണങ്ങളാലാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഉത്തരവിൽ പറയുന്നതായ കാരണങ്ങൾ വാസ്തവ വിരുദ്ധമാണെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഈ വസ്തുതകൾ മറച്ചുവച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ഉത്തരവാദികളായവരെ മാതൃകാപരമായി ശിക്ഷിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ;

(എഫ്) ഭർത്താവിന്റെ കിഡ്നി ട്രാൻസ്പ്ലാന്റ് ചെയ്യപ്പെട്ട് ജീവൻരക്ഷാ ഔഷധങ്ങൾകൊണ്ട് ജീവൻ നിലനിർത്തുന്ന സ്ഥിതിക്ക് അവരുടെ സാന്നിദ്ധ്യം ആവശ്യമാണെന്നിരിക്കെ അവർ ശൂന്യവേതന അവധിയിൽ പ്രവേശിക്കുന്നതിന് അനുവാദം ചോദിച്ച് അപേക്ഷ നൽകി വർഷങ്ങളായിട്ടും അവർക്ക് അവധി അനുവദിക്കാത്തതിന്റെ കാരണങ്ങൾ വിശദമാക്കുമോ;

(ജി) അകാരണമായി മാനസിക പീഡനങ്ങൾക്ക് വിധേയമാക്കുന്നത് തടയുവാൻ ഇവർക്ക് ശൂന്യവേതന അവധി അടിയന്തിരമായി നൽകുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(എച്ച്) ഇവർക്ക് എന്നത്തേക്ക് ശൂന്യവേതന അവധി അനുവദിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly